"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ആറ്റുകാൽ പൊങ്കാല മഹോത്സവം 2025 -തിരുവനന്തപുരം നഗരസഭയ്ക്ക് അടിയന്തിരമായി പൂർത്തിയാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.624/2025/LSGD തീയതി,തിരുവനന്തപുരം, 06-03-2025

പരാമർശം:-
1. സ.ഉ.(സാധാ) നം. 491/2025/തസ്വഭവ തീയതി 17/02/2025
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 15/02/2025ലെ DCTVM/12567/2024-S9 നമ്പർ കത്ത്.

ഉത്തരവ്

2025ലെ ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ നിർവ്വഹിക്കേണ്ട പ്രവർത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിലേയ്ക്കായി പരാമർശം (1) ഉത്തരവ് പ്രകാരം 1,99,47,421/- ( ഒരു കോടി തൊണ്ണൂറ്റിഒൻപതു ലക്ഷത്തി നാല്പത്തിയേഴായിരത്തിനാനൂറ്റിഇരുപത്തി ഒന്ന് രൂപ) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. 2025ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ചുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി തിരുവനന്തപുരം നഗരസഭയ്ക്ക് നിർവ്വഹിക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 69,20,000/-(അറുപത്തി ഒൻപത് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 -ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരസഭയ്ക്ക് അടിയന്തിരമായി പൂർത്തിയാക്കേണ്ട ചുവടെ പട്ടിക പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആകെ 69,20,000/-രൂപയുടെ (അറുപത്തി ഒൻപത് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇതിനാവശ്യമായ തുക "2217-01-800-94 ആറ്റുകാൽ പൊങ്കാല ഉത്സവത്തിനുള്ള ധനസഹായം" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. ചെലവുകൾ സംബന്ധിച്ച രേഖൾ സഹിതം തുക അനുവദിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കേണ്ടതാണ്.

| Sl. No. | Name of Work | Amount |
|---|---|---|
| 1 | VARIOUS ROAD RETARRING, INTERLOKING IN MANACAUD WARD | 5,00,000/- |

| | | |
|---|---|---|
| 2 | JUBILEE NAGAR ROAD CONCRETING & INTERLOCKING IN AMBALATHARA WARD | 5,00,000/- |
| 3 | KALLATTU NAGAR ROAD MAINTENANCE IN KALIPPANKULAM WARD | 5,00,000/- |
| 4 | IRUKULANGARA TEMPLE ROAD MAINTENANCE IN KAMALESWARAM WARD | 5,00,000/- |
| 5 | SARASWATHY NAGAR LANE - 1 & 2 RETARING IN CHALA WARD | 3,10,000/- |
| 6 | AARADHANA EYE HOSPITAL ROAD RETARING IN CHALA WARD | 1,10,000/- |
| 7 | PADIJAREKKOTTA JP NAGAR KOTHALAM ROAD MAINTENANCE IN PERUMTHANNI WARD | 5,00,000/- |
| 8 | MSK NAGAR ROAD RETARING IN KURYATHI WARD | 5,00,000/- |
| 9 | VARIOUS ROAD MAINTENANCE IN THERAKAM AREA | 10,00,000/- |
| 10 | VARIOUS ROAD MAINTENANCE IN ATTUKAL TEMPLE AREA | 10,00,000/- |
| 11 | VARIOUS ROAD MAINTENANCE IN IRANIMUTTOM AREA | 10,00,000/- |
| 12 | INTERLOCK RELATING IN MINI COLONY ROAD AND LANE OPP. TO VAYOJAN CLUB | 5,00,000/- |
| | Total | 69,20,000/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി.എസ്.എസ്.എ), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
ധനകാര്യ വകുപ്പ് (E:3046280/DEV-3/30/2025-FIN dated 25/02/2025)
(റവന്യൂ (ദേവസ്വം) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (File No. IA2/21/2025/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 06-03-2025 15:42:10

സെക്ഷൻ ഓഫീസർ